ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No.LSGD/PD/42244/2024-VIGE3 തീയതി: 31-10-2025

## കുറ്റപത്രം

കണ്ണൂർ കോർപ്പറേഷനിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ.പി.പി.സുജേഷിനെതിരായ കുറ്റപത്രം.

കണ്ണൂർ കോർപ്പറേഷനിലെ സീനിയർ ക്ലർക്കായിരുന്ന താങ്കൾ അവധി നീക്കിയിരിപ്പിൽ ഒന്നും തന്നെ ബാക്കിയില്ലാതിരുന്നിട്ടും ആഫീസിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതായി കണ്ടെത്തിയിരിക്കുന്നു.

താങ്കളുടെ മേൽ പ്രവർത്തി കൃത്യനിർവ്വഹണത്തിലുള്ള ഗുരുതരമായ വീഴ്ചയും കടുത്ത അച്ചടക്ക ലംഘനവും സർക്കാർ നിയമങ്ങളോടും ഉത്തരവുകളോടുമുള്ള അനാദരവുമാണ്.

മേൽ കുറ്റകൃത്യത്തിന് താങ്കൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. മേൽ സമയപരിധിക്കുള്ളിൽ നിങ്ങളുടെ രേഖാമൂലമുള്ള വിശദീകരണമൊന്നും ലഭിക്കുന്നില്ലായെങ്കിൽ ഇക്കാര്യത്തിൽ നിങ്ങൾക്ക് വിശദീകരണമൊന്നും ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ മേൽനടപടി തുടരുന്നതാണ്. നിങ്ങളെ നേരിൽ കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്. പ്രതിവാദ പത്രിക ഹാജാക്കുന്നതിന് മുമ്പായി കുറ്റാരോപണ പത്രികയിൽ പറഞ്ഞിരിക്കുന്ന റിക്കോർഡുകൾ പരിശോധിക്കുന്നതിന് ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ അപേക്ഷ പ്രകാരം മുൻകൂർ അനുമതിയോടുകൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ രേഖകൾ പരിശോധിക്കാവുന്നതും ഉദ്ധരണികൾ എഴുതി എടുക്കാവുന്നതുമാണ്.

മേൽ ആരോപണങ്ങളെ സംബന്ധിച്ചുള്ള പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

H. DINESHAN IAS
PRINCIPAL DIRECTOR

ശ്രീ പി.പി സുജേഷ് ( PEN- 585753)
സീനിയർ ക്ലർക്ക്
കണ്ണൂർ കോർപ്പറേഷൻ
(കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)

Signed by
Dineshan H
Date: 31-10-2025 22:40:08

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No.LSGD/PD/42244/2024-VIGE3 തീയതി: 31-10-2025

## കുറ്റാരോപണപത്രിക

കണ്ണൂർ കോർപ്പറേഷനിലെ പള്ളിക്കുന്ന് സോണൽ ഓഫീസിൽ സീനിയർ ക്ലാർക്കായ ശ്രീ. പി. പി. സുജേഷ് എന്ന താങ്കൾ 01/12/2023-ൽ ജോലിയിൽ പ്രവേശിച്ചതു മുതൽ ക്രമരഹിതമായാണ് ജോലിക്ക് ഹാജരാകാറുള്ളതെന്നും മുൻകൂട്ടിയുള്ള അറിവോ സമ്മതമോ കൂടാതെ നിരന്തരമായി ജോലിക്ക് ഹാജരാകാതിരിക്കുക, ജോലിക്ക് ഹാജരാകുന്ന ദിവസങ്ങളിൽ വളരെ ഏറെ വൈകിയാണ് ഓഫീസിൽ ഹാജരാകുന്നത്, ഓഫീസ് സമയം അവസാനിക്കുന്നതിനു മുൻപ് അനുമതി കൂടാതെ ഓഫീസ് വിട്ട് പോകുന്നതായും ഇത്തരം പ്രവൃത്തികൾ മറ്റ് ജീവനക്കാർക്കിടയിൽ പ്രതിഷേധം ഉണ്ടാക്കുന്നതായും താങ്കളുടെ ചട്ടവിരുദ്ധമായ ഹാജർ, ഹാജരായ ദിവസങ്ങളിലെ പെരുമാറ്റം എന്നിവ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുകയും ആയത് മറ്റ് ജീവനക്കാർക്ക് കൂടി ദോഷകരമായി ബാധിക്കുന്നതായും താങ്കൾ 04/08/24 മുതൽ തുടർച്ചയായി അവധിയിലാണെന്നും പള്ളിക്കുന്ന് സോണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് താങ്കൾക്ക് നൽകിയ മെമ്മോ, കൈപ്പറ്റിയെങ്കിലും ആയതിന് മറുപടി സമർപ്പിച്ചിട്ടില്ലാത്തതാണ്. താങ്കൾ ക്രമരഹിതമായി ലീവപേക്ഷ നൽകിയിരുന്നെങ്കിലും താങ്കളുടെ അവധി നീക്കിയിരിപ്പിൽ ഒന്നും തന്നെ ബാക്കിയില്ലാത്തതിനാൽ അവധി അനുവദിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കില്ലെന്ന വിവരം താങ്കളെ അറിയിച്ചിട്ടുള്ളതാണ്. മേൽ പ്രവർത്തികൾ സീനിയർ ക്ലർക്ക് എന്ന നിലയിൽ താങ്കളുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ ക്രമക്കേടും കൃത്യവിലോപവും വീഴ്ചയുമായി കണ്ട് ഈ കാര്യാലയത്തിൽ നിന്നും മെമ്മോ താങ്കളുടെ മേൽ വിലാസത്തിലേക്ക് അയച്ചുനൽകിയത് Not Known എന്ന് രേഖപ്പെടുത്തി തിരികെ ലഭിച്ചിട്ടുള്ളതായി കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന താങ്കളുടെ പ്രവർത്തി ഗുരുതരമായ അച്ചടക്കലംഘനവും സർക്കാർ നിയമങ്ങളോടും ഉത്തരവുകളോടും നടപടിക്രമങ്ങളോടുമുള്ള

അനാദരവും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവുമാണ്. ആയതിനാൽ ഈ കുറ്റപത്രം നൽകുന്നു.

H. DINESHAN IAS
PRINCIPAL DIRECTOR

ഈ ചാർജ്ജിനാധാരമായ രേഖ : കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 04/12/2024- ലെ LSGD/JD/KNR/8670/2024-A2 നമ്പർ റിപ്പോർട്ട്.

Signed by
Dineshan H
Date: 31-10-2025 22:39:23

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: lsgd.kerala.gov.in

No. LSGD/PD/42244/2024-VIGE3 തീയതി: 18-04-2026

**അപ്പന്റിക്സ് H4**

**നോട്ടീസ്**

**കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ സീനിയർ ക്ലർക്ക് ശ്രീ. പി.പി.സുജേഷിനെ തെര്യപ്പെടുത്തുന്നത്.**

കണ്ണൂർ കോർപ്പറേഷനിലെ പള്ളിക്കുന്ന് സോണൽ ഓഫീസിൽ സീനിയർ ക്ലാർക്കായ ശ്രീ. പി. പി. സുജേഷ് എന്ന താങ്കൾ അവധി നീക്കിയിരിപ്പിൽ ഒന്നും തന്നെ ബാക്കിയില്ലാതിരുന്നിട്ടും ഓഫീസിൽ ഹാജരാകാതെ 04/08/2024 തീയതി മുതൽ അനധികൃത അവധിയിൽ തുടരുന്നത് സംബന്ധിച്ച വിഷയത്തിൽ ഗുരുതരമായ അച്ചടക്കലംഘനം, ചട്ടലംഘനം, കൃത്യവിലോപം, സർക്കാർ സേവനത്തോടുള്ള അനാദരവ് എന്നീ കുറ്റങ്ങൾക്ക് താങ്കൾ ഉത്തരവാദിയാകയാൽ താങ്കൾക്കെതിരായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം15 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ 31-10-2025 ലെ LSGD/PD/42244/2024-VIGE3 നമ്പർ കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോ കൈപ്പറ്റി 15 ദിവസത്തിനകം എതിർവാദപത്രിക സമർപ്പിക്കുന്നതിന് നിർദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത

കുറ്റാരോപണ മെമ്മോ തപാൽ മാർഗ്ഗം അയച്ചുനൽകിയത് കൈപ്പറ്റാതെ മടങ്ങിവരികയാണുണ്ടായത്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കളുടെ എതിർവാദപത്രിക സമർപ്പിക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ ആയത് ലഭിച്ചില്ലായെങ്കിൽ താങ്കൾക്ക് പ്രസ്തുത വിഷയത്തിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

കുറ്റാരോപണ മെമ്മോയുടെ പകർപ്പ് ലഭിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ താങ്കളുടെ നിലവിലെ അഡ്രസ്സ് രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

Apurva Tripathi IAS

DIRECTOR

ശ്രീ പി.പി.സുജേഷ് ( PEN-585753)

സീനിയർ ക്ലർക്ക്

കണ്ണൂർ കോർപ്പറേഷൻ

കണ്ണൂർ ജില്ല

Signed by
Apurva Tripathi
Date: 18-04-2026 18:02:57

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: lsgd.kerala.gov.in

No. LSGD/PD/42244/2024-VIGE3 തീയതി: 18-04-2026

**അപ്പന്റിക്സ് H5**

**തദ്ദേശസ്വയംഭരണ വകുപ്പ്**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം 695003

കണ്ണൂർ കോർപ്പറേഷനിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ.പി.പി.സുജേഷ് 04/08/2024 മുതൽ അനധികൃത അവധിയിൽ തുടരുന്നതുമായി ബന്ധപ്പെട്ട് 1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 31/10/2025 ൽ പുറപ്പെടുവിച്ച കുറ്റപത്ര പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കുന്നതിന് കാരണം എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

വിശദമായ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Apurva Tripathi IAS
DIRECTOR

Signed by
Apurva Tripathi
Date: 18-04-2026 18:03:16